

# ലക്ഷം രൂപ വിലയുള്ള പക്ഷി

തെരുവിലൊരാൾ കൊച്ചൊരു പക്ഷിയെ കയ്യിൽ പിടിച്ചു കറങ്ങി നടന്നു. അയാൾ അതിന്റെ തൂവലുകൾ ഓരോന്നായി വലിച്ചു പിഴുതെറിയുകയാണ്. ചോര ചിന്തുന്ന കിളിയുടെ കരച്ചിൽ അയാൾ ശ്രദ്ധിച്ചില്ല. ഇരയെ കളിപ്പിക്കുന്ന കാട്ടുമൃഗമെന്നതുപോലെ അയാൾ താൻ പീഢിപ്പിക്കുന്ന പക്ഷിയുടെ പിടച്ചിൽ ആസ്വദിക്കുകയാണ്.

കാഴ്ചക്കാരിൽ മാന്യനായ ഒരു വ്യക്തി അയാളുടെ അടുത്തെത്തി ചോദിച്ചു, ഹേയ്! നിങ്ങളെന്താണീ കാണിക്കുന്നത്?

"കാണുന്നില്ലെ നിങ്ങൾ?" തെരുവുമനുഷ്യൻ ചീറി! ഞാൻ ഈ കിളിയുടെ തൂവലുകൾ വലിച്ചു പറിച്ചുകളയുന്നു. ചോരയൊലിക്കുന്നതു കണ്ണില്ലെ? ആഹാ! എന്തുരസം!! കേട്ടില്ലെ കരച്ചിൽ? കൊള്ളാം. ഇനി ഞാനിതിനെ എന്റെ പുന്നാരപ്പൂച്ചയ്ക്ക് എറിഞ്ഞു കൊടുക്കും. അവനിതിനെ കടിച്ചു മുറിച്ചു കറുമുറെത്തിന്നുന്നത് ഞാൻ നോക്കിനില്ക്കും! ഹ ഹ ഹ!! ആ ക്രൂര മനുഷ്യൻ നടുറോഡിൽ നിന്ന് നൃത്തം ചെയ്യാൻ തുടങ്ങി.

"മനുഷ്യാ, നിങ്ങളിതിനെ സ്വതന്ത്രരാക്കൂ... നിങ്ങൾക്കറിയില്ലെ, പക്ഷികൾ പറക്കാനായി സൃഷ്ടിക്കപ്പെട്ടവയാണെന്ന്?"

"എന്ത്?" പക്ഷിയുടമ മാന്യനായ വ്യക്തിയുടെ അടുത്തേക്ക് ചാടിച്ചെന്നു. "പക്ഷികൾക്ക് ആകാശത്തിൽ പറക്കാം... എന്നാൽ, എന്റെ വലയിൽപെട്ടുകഴിഞ്ഞാൽ അത് എന്റേതാണ്. പിന്നെ അതിനെ എന്തു ചെയ്യണമെന്ന് ഞാൻ തീരുമാനിക്കും. അതിന്റെ ഭാവി എന്റെ കയ്യിൽ..."

"ങ്ഹംംം... ഞാനൊരു കാര്യം ചോദിച്ചോട്ടെ?" മാന്യവ്യക്തി തെരുവുമനുഷ്യന്റെ അടുത്തേക്ക്, കുറെക്കൂടെ അടുത്തുചെന്നു. "നിങ്ങൾ ഈ പക്ഷിയെ എനിക്കു വില്ക്കുന്നോ?"

"വിൽക്കാനോ?" അയാൾ അത്ഭുതത്തോടെ ചോദിച്ചു. "ഈ കാട്ടുപക്ഷിയെ നിങ്ങൾ വിലയ്ക്കു വാങ്ങുമെന്നോ? ഹേയ്, ഇതു പാട്ടു പാടില്ല. ഈ വൃത്തികെട്ട പക്ഷിയെ നിങ്ങൾക്കെന്തിനാണ്?"

"അതു നിങ്ങളറിയേണ്ട. നിങ്ങളതിനെ നിൽക്കുന്നെങ്കിൽ പറയൂ... ഞാൻ ഇതിന് എന്തുവിലയും തരാം..."



"എന്തു വിലയും? അതായത്... നിങ്ങൾ ഈ പക്ഷിക്കുവേണ്ടി ഒരു ലക്ഷം രൂപ മുടക്കാൻ തയ്യാറാണോ?"

"അതെ..." മാന്യനായ വ്യക്തി പറഞ്ഞു: ഒരു ലക്ഷം! ഞാൻ സമ്മതിച്ചിരിക്കുന്നു.

ആ തെരുവു മനുഷ്യൻ അത്ഭുതപ്പെട്ടുപോയി. ഒരു കാട്ടു പക്ഷിക്ക് ഒരു ലക്ഷം രൂപയോ? കേട്ടുനിന്ന എല്ലാവരും അത്ഭുത പ്പെട്ടുപോയി...

മാന്യനായ ആ മനുഷ്യൻ അയാളുടെ പേഴ്സ് എടുത്ത് പണം എണ്ണാൻ തുടങ്ങി. അവസാനത്തെ നോട്ടും അയാൾ പേഴ്സിൽനിന്ന് വലിച്ചെടുത്തു... ഒരു ലക്ഷം!

രൂപ അദ്ദേഹം തെരുവു മനുഷ്യന്റെ കയ്യിലേക്ക് എറിഞ്ഞു കൊടുത്തു. ആ നല്ല മനുഷ്യൻ പക്ഷിയെ കയ്യിൽ വാങ്ങി, അതിനെ ചുംബിച്ചു. പിന്നെ ആകാശത്തേക്കു പറത്തിവിട്ട് സ്വതന്ത്രമാക്കി. എല്ലാവരും വിസ്മയത്തോടെ നോക്കിനില്ക്കെ അദ്ദേഹം സൗമ്യത യോടെ നടന്നകന്നു.

"ഒരു കാട്ടുപക്ഷിക്ക് ഒരുലക്ഷം രൂപയോ?" നിങ്ങൾ ചോദി ച്ചേക്കാം. "ഹേയ്, അതൊന്നും നടപ്പില്ല. ഇതൊരു കഥമാത്രം!" നിങ്ങൾ പറഞ്ഞേക്കാം!

ഒരു പക്ഷെ ഇതൊരു കഥമാത്രമായിരിക്കും... എന്നാൽ ഇതുപോലൊരു കാര്യം -സത്യമായത്- അദൃശ്യമായ ലോകത്തു നടന്നിട്ടുണ്ട്!

നിങ്ങളും ഞാനുമൊക്കെ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവർ! ദൈവത്തിന്റെ വിശുദ്ധസാന്നിദ്ധ്യത്തിൽ എന്നും വിഹരിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നവർ! എന്നാൽ മനുഷ്യൻ ദൈവസംസർഗ്ഗത്തെക്കാൾ പാപത്തിന്റെ ഭോഗങ്ങളെ മോഹിച്ചു. ആത്മാവിനെ അവഗണിച്ചു; മനസ്സിനെ ശരീരത്തിനു വിറ്റു.

നാം ആർത്തിക്കാരായി, അസൂയപ്പെട്ടു, കൈക്കലാക്കി, ദൈവദൂഷണം പറഞ്ഞു, പോരടിച്ചു, കൊലചെയ്തു...

നമ്മുടെ മുമ്പിൽ സാത്താൻ കൊണ്ടുവെച്ച ഓരോ സുഖഭോ ഗങ്ങളും നമ്മെ നരകത്തിന്റെ വലയിൽ പെടുത്താനുള്ള കണിക ളായിരുന്നുവെന്ന് നാമറിഞ്ഞില്ല! അവൻ നമ്മെ അവന്റെ കളിപ്പാവ യാക്കി.

എല്ലാത്തരത്തിലും സാത്താൻ എന്നെ പീഢിപ്പിച്ചു. രക്ഷപ്പെ ടാൻ ഞാൻ ഒരു പഴുതും കണ്ടില്ല.എന്നാൽ, എന്റെ നിസ്സഹായതയുടെ കരച്ചിൽ യേശുവിന്റെ കാതുകളിലെത്തി. മനസ്സലിഞ്ഞ് അവിടുന്ന് സ്വർഗ്ഗം വിട്ട് ഭൂമിയിൽ എന്റെ പീഡനത്തിന്റെ ദുരന്തക്കുഴിയിലേക്ക് ഇറങ്ങിവന്നു.

"ഹേയ്, ഈ മനുഷ്യനോട് നീ എന്താണു കാണിക്കുന്നത്?" യേശു സാത്താനോടു ചോദിച്ചു.

"കാണുന്നില്ലേ നിങ്ങൾ?" സാത്താൻ പുരികം വളച്ചു! "ഞാൻ ഭൂമിയിലെ സകല മനുഷ്യരോടും ചെയ്യുന്നുത് ഇവനോടും

ചെയ്യുന്നു... ഞാൻ ഇവരുടെ സന്തോഷത്തെ എടുത്തുകളയുന്നു, കുടുംബത്തിൽ കലഹമുണ്ടാക്കുന്നു, കവലകളിൽ ഇവരെ തമ്മിൽ തല്ലിക്കുന്നു, ചൂതു കളിക്കാനും മദ്യപിക്കാനും വ്യഭിചരിക്കാനും അന്യോന്യം പോരടിക്കാനും കൊല്ലുവാനും ആത്മഹത്യ ചെയ്യാനും പ്രേരിപ്പിക്കുന്നു. ഇവരെ ഞാൻ ലജ്ജ കൊണ്ടും കുറ്റബോധം കൊണ്ടും ഭീതി കൊണ്ടും നിറയ്ക്കുന്നു. ഇവരുടെ നിത്യനാശം കാണുന്നതാണ് എന്റെ ഏറ്റവും വലിയ ആനന്ദം!"

"ആരാണ് ഇതൊക്കെ ചെയ്യാൻ നിനക്ക് അധികാരം തന്നത്?" യേശു ചോദിച്ചു: "ഇവരെ ദൈവം തനിക്കുവേണ്ടി തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചതാണെന്ന് നിനക്കറിയില്ലേ?"

"ഓ! അതൊരു പഴയ കഥ!" സാത്താൻ പരിഹാസത്തോടെ പറഞ്ഞു. "ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടുവെന്നു പറഞ്ഞിട്ട് എന്തു കാര്യം? അവർ ദുർമോഹികളും സുഖാന്വേഷികളുമായിരുന്നു. അവരുടെ കണ്ണുകൊതിച്ചതും ജഡം തേടിനടന്നതും അവരുടെ ദുഷ്ടമനസ്സ് മോഹിച്ചതുമൊക്കെ ഞാനവർക്ക് വാഗ്ദാനം ചെയ്തു. അതൊക്കെ ചൂണ്ടയിൽ കൊരുത്ത് ഞാൻ എറിഞ്ഞുകൊടുത്തു. ചാടിക്കൊത്തുകയായിരുന്നില്ലേ, അവർ! ഞാനവരെ ദൈവസ്നേഹത്തിന്റെ ആഴിയിൽ നിന്ന് എന്റെ കണിയിലേക്കു വലിച്ചിട്ടു. അവർ അവരെത്തന്നെ എനിക്കു വില്ക്കുകയായിരുന്നു... ആഹാ! ഇപ്പോൾ അവർ എന്റെ വകയാണ്!" സാത്താൻ ക്രൂരമായി ചിരിച്ചു. യേശു പതിയെ മുന്നോട്ടുചെന്നു. ശരി അവർ തങ്ങളെത്തന്നെ നിനക്ക് വിററു. നീ അവരെ തിരികെ വില്ക്കുമോ? ഞാനവരെ ദൈവത്തിനുവേണ്ടി വീണ്ടെടുക്കാം.

"ഹേയ്... എന്തിന്? നിനക്കറിയാമല്ലോ, അവർ ദൈവത്തെ നിഷേധിച്ചിട്ടാണ് എന്നെ അവരുടെ യജമാനനാക്കിയത്. പിന്നെ, പഴയ ദൈവരൂപമൊന്നും അവർക്കില്ല. ഞാനവരെ പാഴും ശൂന്യവുമാക്കി."

"അതൊന്നും നീ അറിയേണ്ട കാര്യമില്ല. നീ ഇവരെ വില്ക്കുമെങ്കിൽ അതിനുപകരമായി ഞാൻ എന്തു വിലയും നല്കാം!"

"എന്തു വിലയും" സാത്താൻ ഒരു വിലപേശലിനു തന്നെ... "ശരി ഞാൻ വില പറയാം... മനുഷ്യന്റെ വില... നിന്റെ രക്തം... ഹ ഹ ഹ!" സാത്താൻ നൃത്തം ചവിട്ടാൻ തുടങ്ങി!

ഒരു നിമിഷത്തെ നിശ്ശബ്ദത! യേശു എന്നെ നോക്കി... നരകത്തിലേക്കു വെച്ചു വിറച്ചുപോകുന്ന എനിക്ക് വീണ്ടെടുപ്പു ലഭിക്കണമെങ്കിൽ യേശു മരിക്കണം!

"സമ്മതിച്ചു!" യേശു പറഞ്ഞു. പിന്നെ ഞാൻ കാണുന്നത് ക്രൂശിലേക്ക് നടന്നു കയറുന്ന യേശുവിനെയാണ് ! എന്റെ വീണ്ടെടുപ്പിന്റെ വില യേശുവിന്റെ രക്തം!

"എന്തിന് യേശുവേ, എന്നെപ്പോലെ വിലയില്ലാത്ത ഒരു പുഴുവിനെ വീണ്ടെടുക്കാൻ ഇത്ര വലിയ വില-അങ്ങയുടെ ജീവൻതന്നെ കൊടുത്തു?" ഞാൻ പല പ്രാവശ്യം കർത്താവിനോടു

ചോദിച്ചു.

"നീ എനിക്കു വളരെ പ്രിയപ്പെട്ടവനാകയാൽത്തന്നെ, മകനേ..." യേശു പറഞ്ഞു: "നീ നരകത്തിൽ പോകുന്നത് എനിക്കു സഹിക്കാൻ കഴിയുമായിരുന്നില്ല! എനിക്കായി ഞാൻ നിന്നെ സൃഷ്ടിച്ചു. സാത്താന് നിന്നെ ഞാൻ വിട്ടുകൊടുക്കില്ല. നീ എന്റെ ഭവനമാണ്. ഞാൻ നിന്നിൽ വസിക്കും... ഇന്നും, എന്നും!"



സുഹൃത്തെ, നിങ്ങളെ പാപത്തിന്റെ ശിക്ഷയിൽ നിന്നു വീണ്ടെടുക്കുവാൻ യേശു സ്വന്തം രക്തം മറുവിലയായി നൽകി. ഇനി നിങ്ങൾക്ക് പാപത്തിന്റെ അടിമത്തത്തിൽ ജീവിക്കേണ്ടതില്ല... ദൈവസാന്നിദ്ധ്യത്തിന്റെ സ്വാതന്ത്ര്യത്തിൽ നിങ്ങൾക്ക് ഇവിടെ ജീവിക്കാം-യേശുവിന്റെ ഭവനമായിക്കൊണ്ട് !

ഇങ്ങനെ പ്രാർത്ഥിക്കൂ: *"യേശുവേ, എന്നെ നിത്യനാശത്തിൽ നിന്ന് ദൈവത്തിനുവേണ്ടി വീണ്ടെടുക്കുവാൻ അവിടുന്നു ക്രൂശിൽ മരിച്ചു എന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങളെ കഴുകി ശുദ്ധീകരിച്ച് എന്നെ അങ്ങയുടെ ഭവനമാക്കണമെ. ഈ ജീവിതത്തിലും വരുവാനുള്ള ജീവിതത്തിലും അവിടുന്നു തന്നെ എന്റെ കർത്താവ്. ആമേൻ!"*

യേശുവിന്റെ സ്നേഹത്തിൽ നിങ്ങളുടെ,

Saju John Mathew
www.sjmathew.com

ഈ വിഷയത്തെപ്പറ്റി കൂടുതൽ അറിയുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടായിരിക്കുമല്ലോ. ഞങ്ങളെ വിളിക്കാൻ മടിക്കേണ്ട. യേശുവിൽ ജീവിക്കുന്നതിനും ആത്മീയ വളർച്ച പ്രാപിക്കുന്നതിനും നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്കു സന്തോഷമേയുള്ളൂ. വിളിക്കൂ...

**+91 94471 54450**

**E-mail: jesusmission@gmail.com**

**Sanctuary Word Media, 26/150, Avee's Building, Edappally Toll Jn., Cochin, Kerala, India.**